127 (753) ഡോക്ടർമാരെ നിയമിക്കാൻ നടപടി

ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ കുമാരപുരം, കടയിരുപ്പ്, മഴുവന്നൂർ, പി.എച്ച്. സെന്ററുകളിൽ ഡോക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ഇവരുടെ നിയമനം എന്നത്തോയ്ക്ക് നടത്തുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ കുമാരപുരം, മഴുവന്നൂർ എന്നീ പി.എച്ച്. സെന്ററുകളിൽ അസിസ്റ്റന്റ് സർജന്റെ ഓരോ തസ്തികകളുള്ളതിൽ കുമാരപുരം പി.എച്ച്.സി.യിൽ കരാർ അടിസ്ഥാനത്തിലും മഴുവന്നൂർ പി.എച്ച്.സി.യിൽ സ്ഥിരം ഡോക്ടറും ജോലി നോക്കുന്നുണ്ട്. കടയിരുപ്പ് പി.എച്ച്.സി.യിൽ അസിസ്റ്റന്റ് സർജന്റെ രണ്ട് തസ്തികയുള്ളതിൽ കരാർ അടിസ്ഥാനത്തിൽ ഒരു ഡോക്ടറും സ്ഥിരമായി ഒരു ഡോക്ടറും ജോലി നോക്കിവരുന്നു. പബ്ലിക് സർവ്വീസ് കമ്മിഷനിൽ നിന്നും നിയമനത്തിനായി ഡോക്ടർമാരുടെ ലിസ്റ്റ് ലഭിച്ചാലുടൻ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുള്ള തസ്തികകളിൽ സ്ഥിരം ഡോക്ടർമാരെ നിയമിക്കുന്നതാണ്.

128 (754) പിണറായി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ പിണറായി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ രാത്രിയിൽ ജീവനക്കാരില്ലാത്ത പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ രോഗികളെ അഡ്മിറ്റ് ചെയ്ത് ചികിത്സിക്കാൻ നടപടി സ്വീകരിക്കുമോ; ആവശ്യമായ ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിക്കുമോ?

ഉത്തരം

(എ) രാത്രിയിൽ ജീവനക്കാർ നിലവിലുണ്ട്.

(ബി) രോഗികളെ അഡ്മിറ്റ് ചെയ്ത് ചികിത്സിച്ചുവരുന്നു. ഡോക്ടർമാരേയും മറ്റ് പാരാമെഡിക്കൽ സ്റ്റാഫിനേയും, നിലവിലുള്ള എല്ലാ തസ്തികകളിലും നിയമിച്ചിട്ടുണ്ട്. ജെ.എച്ച്.ഐ.മാരുടെ ഒഴിവുകൾ നികത്തുന്നതിന് അടിയന്തിര നടപടി സ്വീകരിച്ചുവരുന്നു.

129 (755) വല്ലച്ചിറ, കൂർക്കഞ്ചേരി, പാറളം പ്രാഥമികാരോഗ്യാശുപത്രികളുടെ പ്രവർത്തനം

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) വല്ലച്ചിറ, കൂർക്കഞ്ചേരി, പാറളം പ്രാഥമികാരോഗ്യ ആശുപത്രികളിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് എന്താണ് തടസ്സം;

(ബി) ഈ തടസ്സം മാറ്റി കിട്ടുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കേണ്ടത് എന്ന് വ്യക്തമാക്കുമോ;

(സി) ഈ ആശുപത്രികളുടെ ഭരണപരമായ ചുമതല ഇപ്പോൾ ആർക്കാണ്;

(ഡി) ഈ മൂന്ന് ആശുപത്രികളിൽ ദിവസേന വരുന്ന രോഗികളുടെ 1999 ജനുവരി മുതലുള്ള മാസങ്ങളിലെ ഒ.പി. കണക്ക് വ്യക്തമാക്കുമോ;

(ഇ) ഈ ആശുപത്രികൾക്ക് 1997,1998 വർഷങ്ങളിൽ നൽകിയ മരുന്ന് എത്രയെന്ന് അറിയിക്കുമോ?

ഉത്തരം

(എ)&(ബി) ഇവ ഗ്രാമതലത്തിലുള്ളത് മിനി പി.എച്ച്.സി.കളാണ്. ഇവിടെ പ്രാഥമിക വൈദ്യശുശ്രൂഷയും രോഗപ്രതിരോധ ശുശ്രൂഷയും ആണ് ഉദ്ദേശിച്ചിട്ടുള്ളത്. കിടത്തി ചികിത്സ ഉദ്ദേശിക്കുന്നില്ല. എന്നാൽ വല്ലച്ചിറയിലും പാറളത്തും 10 ബെഡ്ഡുകൾ വീതമുള്ള വാർഡുകൾ ഉണ്ട്. കൂർക്കഞ്ചേരിയിൽ കിടക്കകൾ നിലവിൽ ഇല്ല. നിലവിലുള്ള മാനദണ്ഡമനുസരിച്ച് 30 കിടക്കകൾക്ക് ഒരു ഡോക്ടർ, 6 കിടക്കകൾക്ക് 1 നഴ്സ് എന്ന കണക്കിന് മാത്രമേ സ്റ്റാഫിനെ അനുവദിക്കുന്നുള്ളൂ.

സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിഗണിച്ചു വരികയാണ്.

(സി) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ ഭരണപരമായ ചുമതല അതാത് പഞ്ചായത്തുകൾക്കാണ്.

(ഡി) പാറളം പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ദിവസവും ശരാശരി 100 രോഗികൾ വീതവും കൂർക്കഞ്ചേരി പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ദിവസവും 100 രോഗികൾ വീതവും വല്ലച്ചിറ പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ദിവസേന 40 രോഗികൾ വീതവും വരുന്നുണ്ട്.

(ഇ) ടി പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ 1997, 1998 വർഷങ്ങളിൽ നൽകിയ മരുന്നിന്റെ കണക്ക് ചുവടെ ചേർക്കുന്നു.

വല്ലച്ചിറ

1997-98	-	1,62,959.75 രൂപയ്ക്കുള്ളത്.
1998-99	-	80,625.20 രൂപയ്ക്കുള്ളത്.

കൂർക്കഞ്ചേരി

1997-98	-	97,362.35 രൂപയ്ക്കുള്ളത്.
1998-99	-	76,730.56 രൂപയ്ക്കുള്ളത്.

പാറളം

1997-98	-	1,73,984 രൂപയ്ക്കുള്ളത്.
1998-99	-	1,06,362 രൂപയ്ക്കുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly